# പൈങ്കിളി

1396

48

35053

THE KOTTAYAM PUBLIC LIBRARY
KOTTAYAM.

ടി. വി. ജോൺ

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണസംഘം

നാഷനൽ ബുക്ക്സ്റ്റാൾ

കോട്ടയം

വില ക. 1.25

(Malayalam)

**PAIMKILI**

Children's Book

**By T. V. JOHN, M. A., B. T.**

Thuthikkattu

Kodukulanji P. O.

First Published November 1959

Printed at

INDIA PRESS, KOTTAYAM

Price Rs. 1.25

Copyright by

T. V. John

Publishers:

**Sahitya Pravarthaka Co-operative Society Ltd., Kottayam, Kerala State**

Sales Department:

NATIONAL BOOKSTALL

Kottayam Kerala State India

S1017 B661 57/59-60 1-3000

1396


35053



## കുഞ്ഞു കിടന്നു കളിക്കുന്നു


കുഞ്ഞു കിടന്നു കളിക്കുന്നു
മഞ്ഞിൻ മലകൾ തിളങ്ങുന്നു
പഞ്ഞം പോവാൻ പാടത്തു്
മഞ്ഞക്കതിരുകൾ വിരിയുന്നു.

കുഞ്ഞമ്മാവൻ വന്നെങ്കിൽ
കുഞ്ഞിക്കോഴി കരഞ്ഞെങ്കിൽ
കഞ്ഞിവിളമ്പും നേരത്തു്
കുഞ്ഞുങ്ങൾക്കൊരു സന്തോഷം.



## വാനമ്പാടി

പാടിപ്പാടി പ്പാടിനടക്കും
വാനമ്പാടി ക്കിളിയേ നീ
മാനത്തിൻെറ മാറിലുരുമ്മി
പാടിനടന്നാലെന്തുള്ളു?
താഴെത്താഴെ പ്പൂക്കൾ വിടരും
പൂന്തോട്ടത്തിൽ വന്നൂടേ?
ഓടിച്ചാടിക്കളിയാടുന്ന
കുട്ടികളൊത്തു കളിച്ചൂടേ?







## പൊട്ടൻ

കിട്ടനൊരു വെറും പൊട്ടനാണ്
ഒട്ടുമെ കേൾക്കാൻ കഴികയില്ല.
കുട്ടികളെല്ലാരും കൂടിയെന്നാൽ
പൊട്ടാ എന്നിങ്ങനെ ആർത്തുകൂവും.
കിട്ടനതൊന്നുമേ കേൾക്കയില്ല
കുട്ടികളെക്കണ്ടെയാൾ ചിരിക്കും.



## കുഞ്ഞേ മകളേ കരയരുതേ

കുഞ്ഞേ മകളേ കരയരുതേ കരയരുതേ കരയരുതേ
കുഞ്ഞേ മകളേ കരയരുതേ അതിരാവിലെ.

അമ്മിഞ്ഞപ്പാൽ തന്നിടുമേ തന്നിടുമേ തന്നിടുമേ
അമ്മിഞ്ഞപ്പാൽ തന്നിടുമേ അതിരാവിലെ.

പുഞ്ചിരിയൊന്നു വിടരട്ടെ വിടരട്ടെ വിടരട്ടെ
പുഞ്ചിരിയൊന്നു വിടരട്ടെ അതിരാവിലെ.

അമ്മയ്യുമ്മ തന്നിടുമോ തന്നിടുമോ തന്നിടുമോ
അമ്മയ്യുമ്മ തന്നിടുമോ അതിരാവിലെ.

KOTTAYAM PUBLIC LIBRARY
KOTTAYAM.





## പൂമരം പൂത്തല്ലൊ

പൂമരം പൂത്തല്ലൊ പൂവെല്ലാം വിടൎന്നല്ലൊ
പോരുന്നൊ കൂട്ടുകാരേ പൂപെറുക്കാൻ.

തേൻകിളി വരുംമുൻപേ വണ്ടത്താൻ വരുംമുൻപേ
തേൻതുള്ളി നമുക്കെല്ലാം കുടിക്കാമല്ലൊ.

മാനത്തു നോക്കേണ്ട മഴവില്ലു വന്നില്ല
പൂമരം പൂത്തതിൻെറ നിറമാണല്ലൊ.





## കുംഭിത്തലവൻ

അമ്പത്തൊൻപതു വമ്പന്മാരൊരു
കുംഭിത്തലവനെ ബന്ധിക്കാൻ
കുന്തം, പന്തം, വടി, വാളെന്നിവ
ഏന്തിക്കൊണ്ടഥ ചെന്നപ്പോൾ
കുംഭീന്ദ്രൻ തൻ കുംഭിയുയർത്തി
ഡംഭോടൊന്നു കരഞ്ഞപ്പോൾ
വമ്പന്മാരെ ഒരുവരെയും പി-
ന്നിമ്പമൊടവിടെ ക്കണ്ടില്ല.

# താറാവിൻകുഞ്ഞ്



താമരപ്പൊയ്കയിൽ നീന്തിക്കളിക്കുന്ന
താറാവിൻകുഞ്ഞേ പറയാമോ.

ഇത്രചെറുപ്പത്തിൽ നീന്തിക്കളിക്കുവാൻ
ആരാണു നിന്നെ പഠിപ്പിച്ചേ?

പേടിയാവില്ലേ കയത്തിലിറങ്ങുവാൻ
പേടിയാവുന്നുണ്ടെനിക്കു പോലും.

നീന്തിക്കഴിഞ്ഞു വരുന്നേരം നീയൊരു
ചെന്താമരപ്പൂവു കൊണ്ടുതരാമോ?




## മടിയൻ മാത്തൻ

മടിയൻ മാത്തനുറങ്ങുന്നു മണി പത്തായി കാലത്ത്
കാപ്പികുടിക്കും നേരത്ത് തപ്പിയെണീക്കും പെട്ടെന്ന്
പതിനാറിഡ്ഡലിയും പിന്നെ പതിവായ് പന്ത്രണ്ടേത്തയ്ക്കാ,
കട്ടൻകാപ്പി ഒരു കലവും തട്ടിയശേഷം വീണ്ടും പോയ്
ആരും കാണാ മറയത്ത് തൂണും ചാരിയുറങ്ങുന്നു.



1396 1396 35053



## പണ്ടു പണ്ടു രണ്ടോമൽക്കിളികൾ

പണ്ടു പണ്ടു രണ്ടോമൽക്കിളികൾ
നീണ്ട മാവതിൻ ശാഖയിൽ വന്നു

ചുള്ളിക്കമ്പുകൾ നാരുമടുക്കി
കൊള്ളാം നല്ലൊരു കൂടുപണിഞ്ഞു

കൂട്ടിനുള്ളിലായ് പഞ്ഞിനിരത്തി
കോട്ടംകൂടാത്ത മുട്ടരണ്ടിട്ടു

കാററു വന്നപ്പോൾ മാവൊന്നുലഞ്ഞു
മാവുലഞ്ഞപ്പോൾ കമ്പൊന്നൊടിഞ്ഞു

കമ്പൊടിഞ്ഞപ്പോൾ കൂടുമറിഞ്ഞു
കഷ്ടം! മുട്ടകൾ രണ്ടും തകർന്നു.



## തെക്കൻകാററ്

ആരുമാരും കാണാതെ
ആരെയും വകവയ്ക്കാതെ
മൂളിമൂളിപ്പോകുന്ന
തെക്കൻ കാറേറ പറയാമോ?
ദൂരെദ്ദൂരെക്കടലിൻെറ
മാറിലാണോ നിൻ വീട്?
വീടുവിട്ടു പോയെന്നാൽ
പേടിയില്ലേ പറയാമോ?

35053

# കുഞ്ഞിക്കിളിയേ പൈങ്കിളിയേ

കുഞ്ഞിക്കിളിയേ പൈങ്കിളിയേ
ദൂരത്തെവിടെപ്പോകുന്നു?
മഞ്ഞുമറഞ്ഞു കിടക്കുന്ന
മലയോരത്തിൽ പോകുന്നു.
മലയോരത്തിൽ പോയാലോ
ആരോടൊത്തു കളിക്കും നീ?
തുള്ളിച്ചാടും കാട്ടരുവീം
പുഞ്ചിരിതൂകും നറുമലരും
വള്ളിക്കാടും മേടുകളും
ഉള്ളത്തിന്നൊരു കുളിരേകും.



## ആനയെ വാങ്ങിയറിഞ്ഞതുണ്ടോ?


ആനന്ദാ ഞങ്ങടെ വീട്ടിലൊരു
ആനയെ വാങ്ങിയറിഞ്ഞതുണ്ടോ?

ആനയ്ക്കു കൊമ്പില്ല വാലുമില്ല
ആനെത്തളയ്ക്കാൻ തുടലുമില്ല.

തുമ്പിക്കൈയില്ല ചെവിയുമില്ല
വമ്പിച്ച കാലുകളൊന്നുമില്ല.

ആനയെ മേയ്ക്കുവാനാളുമില്ല
ആനയെന്നുള്ളൊരു പേരുമില്ല.

1396

## അമ്പിളിയണ്ണൻ

കണ്ടവരുണ്ടോ പറയാമോ യെ-
ന്നമ്പിളിയണ്ണനെയെങ്ങാനും?

അണ്ണനെയെങ്ങും കാണാഞ്ഞിട്ടെൻ
അമ്മയിരുന്നഥ കരയുന്നു.

പപ്പടവും പാൽപ്പായസവും ദേ
ഒക്കെയിരുന്നു തണുക്കുന്നു.

തെരുവിൽക്കൂടിയലഞ്ഞുനടന്നാൽ
അടിയുണ്ടെന്നു പറഞ്ഞേക്കൂ.

പറയൂ, വേഗം വന്നില്ലെങ്കിൽ
കളിയല്ല,ച്ഛൻ കോപിക്കും.

# ഉണ്ണിക്കുരങ്ങൻ

ഉണ്ണിക്കുരങ്ങനൊരാശയുണ്ടായി
പെണ്ണിനെ ഒന്നിനെ കെട്ടുകവേണം

പെണ്ണിനിരിക്കുവാൻ കൂടൊന്നുകെട്ടി
പെണ്ണിനുടുക്കുവാൻ മുണ്ടൊന്നുവാങ്ങി

പെണ്ണിനു മാലയും കാപ്പുമൊരുക്കി
പെണ്ണിനു വേണ്ടവയെല്ലാമൊരുക്കി

കഷ്ടം,മിതെല്ലാമൊരുക്കി വച്ചിട്ടും
ഇഷ്ടനു പെണ്ണിനെ കിട്ടിയതില്ല.



THE KOTTAYAM PUBLIC LIBRARY
KOTTAYAM.




## പൊന്മാൻ

വെള്ളത്തിൻ മീതേ ഉയർന്നുനിന്നങ്ങനെ
തുള്ളിപ്പറക്കുന്നതാരാണോ?
മഴവില്ലിൻ നിറമുള്ള ചിറകുകൾ രണ്ടും ഹാ
കുഴയില്ലേ വീഴില്ലേ വെള്ളത്തിൽ?
അയ്യയ്യോ കണ്ടില്ലേ വീണല്ലോ വെള്ളത്തിൽ
അയ്യയ്യോ അക്കിളി പോയല്ലോ.
പൊന്തിക്കുതിക്കുന്ന പക്ഷിയിതാവേഗം
പൊന്മാനാണുണ്ടു മീൻ ചുണ്ടിലിപ്പോൾ.

# ഒററക്കണ്ണിക്കോഴി

ഒററക്കണ്ണിക്കോഴീ നിൻെറ
കണ്ണുപൊട്ടിയതെന്തേ?
കൊത്തുകൂടാൻ പോയിട്ടല്ലേ
കണ്ണുപൊട്ടിപ്പോയെ.
ഒത്തുചേർന്ന് ജീവിച്ചീടാൻ
ഒത്തൊരുമയില്ലേ?




35053




## കുട്ടികളോടിവരുവിൻ

കുട്ടികളോടിവരുവിൻ നമുക്കൊരു
കൊട്ടാരമുണ്ടാക്കാം മണ്ണിൽ
എല്ലാരുമൊന്നിച്ചു കൂടിയാൽ പിന്നതി-
നില്ല പ്രയാസങ്ങളൊന്നും.
മണ്ണുകുഴച്ചൊരു ഭിത്തിയുണ്ടാക്കണം
മണ്ണിട്ടു തേയ്ക്കാം തറയും.
ചുള്ളികൾ ചേർത്തൊരു കൂരയുണ്ടാക്കിടാം
തുള്ളിയും ചോരാത്ത മട്ടിൽ
ഉള്ളിലിരിക്കുവാൻ രാജകുമാരനും
രാജകുമാരിയും വേണം.
ഞാനാണു രാജകുമാരനാരെങ്കിലും
ആയിടാം രാജകുമാരി.
ഞാനാണു, ഞാനാണു രാജകുമാരനെ-
ന്നെല്ലാരും ചൊല്ലുകമൂലം
തങ്ങളിൽ തങ്ങളിൽ മല്ലടിച്ചിട്ടവ-
രങ്ങുമിങ്ങും പിണങ്ങിപ്പോയ്.

35053



## മാവുകളൊക്കെയും പൂക്കുന്നകാലത്ത്

മാവുകളൊക്കെയും പൂക്കുന്ന കാലത്ത്
പൂമണമെങ്ങും പരന്നു തിങ്ങും
വണ്ടുകളെത്തുന്നു പൂന്തേൻ കുടിക്കുന്നു
ഇണ്ടൽ കൂടാതെങ്ങും മണ്ടിടുന്നു.
പൂവുകളൊക്കെപ്പൊഴിയുന്ന നേരത്തു
പൂങ്കുലതോറുമെ കണ്ണിമാങ്ങാ.
ഉണ്ണികളെല്ലാരും മാഞ്ചോട്ടിൽ കൂടുന്നു
കണ്ണിമാങ്ങാകൾ പെറുക്കീടുന്നു
നാളുകളൊക്കെയും വേഗം കഴിഞ്ഞെങ്കിൽ
മാമ്പഴത്തിൻ കാലമായിയെങ്കിൽ
കാറ്റൊന്നു വീശുമ്പോൾ, കൊമ്പൊന്നുലയുമ്പോൾ
തേൻപഴം അങ്ങിങ്ങായ് വീണിടുമേ.
ഉണ്ണിക്കിടാങ്ങളാ മാവിൻ ചുവട്ടില-
ന്നെന്തെല്ലാം ലീലകൾ കാട്ടുകില്ല!
ശക്കരമാമ്പഴത്തിൻ കഥയോക്കുമ്പോൾ
ശക്തിയില്ലക്കഥ ചൊല്ലിടുവാൻ

JAWAHAR BALBHAVAN & CHILDREN'S LIBRARY
KOTTAYAM
(A PROJECT OF KOTTAYAM PUBLIC LIBRARY)

Cl. No. MA-10 Acc No. 1396

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 24 JUN 2006 | | |

MA-10
1396

MA-10

ടി. വി ജോൺ
പൈങ്കിളി

1396